**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2144 — 06.02.2019 ൽ മറുപടിക്ക്

## മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഒ. ആർ. കേളു | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; | (എ), (ബി) & (സി) | മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് നിർമ്മാണ പ്രവർത്തികൾക്ക് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-നെയും ഉപകരണങ്ങൾ വാങ്ങി കാത്ത് ലാബ് സജ്ജീകരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് നടപടികൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. പൂർത്തീകരിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പ്രതിനിധികൾ സ്ഥലം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്നതിനോടൊപ്പം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പ്രവർത്തികൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ താമസം കൂടാതെ പൂർത്തിയാക്കി കാത്ത് ലാബ് ഒരു വർഷത്തിനകം പ്രവർത്തന സജ്ജമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്; | | |
| (സി) | പ്രസ്തുത ലാബ് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ